
THE



തിരുവിതാംകോട്ട സർക്കാർ ഗസററ

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLV.] TRIVANDRUM, TUESDAY, October 15, 1907. / Kanni 29, 1083. NO. 42.

വാല്യം ൪൫. തിരുവനന്തപുരം ൧൯൦൭ ഒക്ടോബർ ൧൫ / ൧൦൮൩ കന്നി ൨൯ ചൊവ്വാഴ്ച നമ്പർ ൪൨

CONTENTS.

Part I.—ഒന്നാം ഭാഗം.

PROCLAMATION

by

His Highness Sri Padmanabha Dasa Vanchi Pala Sir Rama Varma Kulasekhara Kiritapati Manney Sultan Maha Raja Raja Rama Raja Bahadur Shamsher Jang, Knight Grand Commander of the most Exalted Order of the Star of India, Knight Grand Commander of the most Eminent Order of the Indian Empire, F. M. U., M. R. A. S, Officer De L'Instruction Publique, Maharajah of Travancore, *issued under date the 15th September 1907, corresponding with the 30th Chingom 1083.*

Whereas it is expedient to stop the currency of two chuckram silver pieces as current coins in Our State, we are hereby pleased to command as follows:—

(1) Two chuckram silver coins shall cease to be current in Our State after the last day of Vrischigom 1083.

(2) After the aforesaid date the two chuckram silver pieces shall not be received in any of the Sirkar Treasuries by a public servant on any account and they shall thenceforward cease to be legal tender in Our State.

(3) Any person in possession of two chuckram silver pieces issued from the Sirkar Mint shall, on delivering the same at any of the Sirkar Treasuries on or before the close of Vrischigom 1083 be paid the value of the same in other current coins of the State.

(4) Such two chuckram silver pieces as, on examination at mofussil treasuries, are rejected may be presented at Our Huzur Treasury where if they are found to be genuine, their value will be paid in full and if doubtful half value will be paid but if otherwise they will be defaced and returned.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മകുലശേഖരകിരീടപതി മന്നെസുൽത്താൻ മഹാരാജരാജ രാമരാജാ ബഹദൂർ ഷംഷർ ജംഗ് നൈട് ഗ്രാണ്ഡ് കമാണ്ഡർ ആഫ് ദി മോസ്റ്റ് എക്സാൽട്ടെഡ് ആഡ്ഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ, നൈട് ഗ്രാണ്ഡ് കമാണ്ഡർ ആഫ് ദി മോസ്റ്റ് എമിനെണ്ട് ആഡ്ഡർ ആഫ് ദി ഇന്ത്യൻ എംപയർ, എഫ്. എം. യു., എം. ആർ. എ. എസ്., ഒഫീസിയർ ദി ലാ ഇൻസ്ത്രുക്ഷൻ പബ്ലിക്, മഹാരാജാ അവർകൾ പ്രസിദ്ധപ്പെടുത്തുന്ന

വിളംബരം.

നമ്മുടെ സംസ്ഥാനത്തിൽ രണ്ടു ചക്രം വിലയുള്ള വെള്ളിനാണയത്തിന്റെ നടപ്പിനെ നിറുത്തുന്നതു യുക്തമായിരിക്കകൊണ്ടു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ:—

(൧) ൧൦൮൩-ാമാണ്ടു വൃശ്ചികമാസം ഒടുവിലത്തെ തീയതിക്കുപിന്നീടു രണ്ടു ചക്രം വിലയുള്ള വെള്ളിനാണയത്തിന്റെ നാണയമായുള്ള ഉപയോഗം നമ്മുടെ സംസ്ഥാനത്തിൽ നിന്നുപോകുന്നതാകുന്നു.

(൨) ആ തീയതി കഴിഞ്ഞതിൽ പിന്നീടു രണ്ടു ചക്രം വെള്ളിനാണയത്തെ യാതൊരു കാരണത്തിന്മേലും സർക്കാർ ഖജനാവുകളിൽ സർക്കാർ ജീവനക്കാർ വാങ്ങിച്ചുകൂടാത്തതും ഈ നാണയം നമ്മുടെ സംസ്ഥാനത്തിൽ നടപ്പുനാണയമായി ഇരിക്കുന്നതു അന്നു മുതൽ നിന്നുപോകുന്നതും ആകുന്നു.

(൩) സർക്കാർ കമ്മട്ടത്തിൽ നിന്നു അടിച്ചു നടപ്പാക്കിയിരിക്കുന്ന രണ്ടുചക്രം വെള്ളിനാണയങ്ങളും കൈവശം ഉള്ള വല്ലയാളും അവയെ വല്ല സർക്കാർ ഖജനാവിലും ൧൦൮൩-ാമാണ്ടു വൃശ്ചികമാസാവസാനത്തിലൊ അതിനു മുമ്പായിട്ടൊ ഏല്പിക്കുന്നതായാൽ അവയുടെ വില ഈ സംസ്ഥാനത്തു നടപ്പുള്ള മറ്റു നാണയങ്ങളിൽ ആയി അവർക്കു കിട്ടുന്നതാകുന്നു.

(൪) പുറമെയുള്ള ഖജനാവുകളിൽ നോട്ടത്തിൽ തള്ളപ്പെടുന്ന രണ്ടു ചക്രം വെള്ളി നാണയങ്ങളെ നമ്മുടെ ഹജൂർഖജനാവിൽ ഹാജരാക്കാവുന്നതും അവിടെ അവ നിർവ്യാജം എന്നു കാണപ്പെട്ടാൽ അവയുടെ മുഴുവിലയും അവ നിർവ്യാജങ്ങളൊ അല്ലയൊ എന്നുള്ളതു സംശയമായിരുന്നാൽ പകുതി വിലയും കൊടുക്കുന്നതും എന്നാൽ മറ്റുവിധത്തിൽ ആയി കാണപ്പെട്ടാൽ അവയെ ഉപയോഗം ഇല്ലാതാക്കി മടക്കി കൊടുക്കുന്നതും ആകുന്നു.

Any person failing to present the two chuckram coins in his possession as prescribed in sections 3 and 4 shall not be entitled to tender them at Our treasuries after the date prescribed in section 1.

(൫) തന്റെ കൈവശം ഉള്ള രണ്ടു ചക്രം നാണയങ്ങളെ ൩-ം ൪-ം വകുപ്പുകളിൽ വിധിച്ചിരിക്കുന്നതുപോലെ ഹാജരാക്കാതിരിക്കുന്ന യാതൊരുത്തനും ൧-ം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന തീയതിക്കു പിന്നീടു നമ്മുടെ ഖജനാവുകളിൽ സംപ്രദാനം ചെയ്യുന്നതിനു അവകാശം ഉള്ളതല്ലാതാകുന്നു.

൧൦൮൩ ചിങ്ങം ൨൮-ാം തീയതി ൧൯൦൭ സെപ്തംബർ ൧൩-ാം തീയതി.

SIGN MANUAL.

Assumption of charge.

JUDICIAL DEPARTMENT.

M. R. Ry. N. Ramachandra Ayer, B. A. & B. L., reverted from the Huzur Secretariat and posted as Additional District Munsiff of Trivandrum, assumed charge of his duties on the afternoon of the 15th Kanni 1083.

EDUCATIONAL DEPARTMENT.

M. R. Ry. K. V. Rangaswami Aiyangar Avergal, M. A., appointed *sub- protem* Inspector of Schools, Southern Range, assumed charge of his duties on the forenoon of the 2nd October 1907 / 16th Kanni 1083.

Investiture of powers.

Under Section 11 of Regulation V of 1067, Mr. R. Palpu Pillai, B. A & B. L., Sheristadar, Trivandrum District Court, appointed as Magistrate Munsiff, Shencotta, is invested with the powers of a 2nd Class Magistrate.

NOTIFICATION.

Under clause 2 of Section 7 of Regulation III of 1076 Mr Mahomed Hajee Jacob Dawood Sait is appointed a non-official member of the Town Improvement Committee, Trivandrum, for a term of three years.

V. NAGAM AIYA,
Senior Dewan Peishkar,
In Charge.

Huzur Cutcherry,
Trivandrum, 11th October 1907.

NOTIFICATION.

Under clause 2 of Section 7 of Regulation III of 1076 Mr. Kumara Menon is reappointed a non-official member of the Town Improvement Committee, Kottayam, for a period of three years.

V. NAGAM AIYA,
Senior Dewan Peishkar,
In Charge.

Huzur Cutcherry,
Trivandrum, 11th October 1907.

ചാർജ്ജെടുത്ത വിവരം

ഹജൂർ സിക്രിട്ടേറിയറ്റിൽ നിന്നു തിരിച്ചുവന്നു തിരുവനന്തപുരം അഡിഷണൽ ഡിസ്ത്രിക്ട മുൻസിപ്പായി നിയമിക്കപ്പെട്ട മ. രാ. രാ. ബി. ഏ. ബി. എൽ. എൻ. രാമചന്ദ്രയ്യർ ൧൦൮൩-ാമാണ്ടു കന്നിമാസം ൧൫-നു ഉച്ചതിരിഞ്ഞു ഹാജരായി ചാർജ്ജു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തെക്കൻ റേഞ്ചു പള്ളിക്കൂടം സബ് പ്രൊട്ടെം ഇൻസ്പെക്ടരായി നിയമിക്കപ്പെട്ട മ. രാ. രാ. കെ. വി. രംഗസ്വാമി അയ്യങ്കാർ അവർകൾ എം. ഏ. ൧൯൦൭ അക്ടോബർ ൨-നു ൧൦൮൩ കന്നി ൧൬-നു ഉച്ചക്കു മുമ്പു ചാർജ്ജു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു

അധികാരം കൊടുത്ത വിവരം

ചെങ്കോട്ട മജിസ്ട്രേട്ട മുൻസിപ്പായി നിയമിക്കപ്പെട്ട തിരുവനന്തപുരം ഡിസ്ത്രിക്ടുകോട്ടു ശിരസ്തദാർ മിസ്റ്റർ ആർ. പല്പുപിള്ള ബി. ഏ. ബി. എൽ ന്നു ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലെഷൻ ൧൧-ാം വകുപ്പനുസരിച്ചു ഒരു രണ്ടാം ക്ലാസ് മജിസ്ട്രേട്ടിന്റെ അധികാരം കൊടുത്തിരിക്കുന്നു.

പരസ്യം.

൧൦൭൬-ാമാണ്ടത്തെ ൩-ാം റെഗുലെഷൻ ൭-ാം വകുപ്പു ൨-ാം ഖണ്ഡം അനുസരിച്ചു ൩ കൊല്ലം കാലത്തേക്കു മിസ്റ്റർ മഹമ്മദ ഹാജി ജേക്കബ് ദാവൂദ് സെട്ടിനെ തിരുവനന്തപുരം പട്ടണപരിഷ്കരണ കമ്മിററിയിൽ ഒരു നാൺഒഫിഷ്യൽ മെമ്പരായി നിയമിച്ചിരിക്കുന്നു.

വി. നാഗമയ്യാ,
സീനിയർ ദിവാൻ പേഷ്കാർ ഇൻചാർജ്.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ അക്ടോബർ ൧൧-നു

പരസ്യം.

൧൦൭൬-ാമാണ്ടത്തെ ൩-ാം റെഗുലെഷൻ ൭-ാം വകുപ്പു ൨-ാം ഖണ്ഡം അനുസരിച്ചു ൩ കൊല്ലം കാലത്തേക്കു കോട്ടയം പട്ടണ പരിഷ്കരണ കമ്മിട്ടിയിൽ ഒരു നാൺഒഫിഷ്യൽ മെമ്പരായി മിസ്റ്റർ കുമാരമേനോനെ വീണ്ടും നിയമിച്ചിരിക്കുന്നു.

വി. നാഗമയ്യാ,
സീനിയർ ദിവാൻ പേഷ്കാർ ഇൻചാർജ്

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ അക്ടോബർ ൧൧-നു

ജി, നമ്പ്ര

പരസ്യം

തിരുവനന്തപുരത്തു മതിലകത്തു വച്ചു ൦൩ം വരുന്ന തുലാമാസം ൧൮-നു മുതൽ തൃക്കൊടിയേറി തിരുവുത്സവം തുടങ്ങി നടക്കേണ്ടുന്ന വകക്കു സദ്യക്കും കലശം ഉറപ്പെട്ട ചിലവിനും ൭൩൨ പറ നാടൻ ചമ്പാ ഉണക്കലരിയും ൩൭൫ പറ പാണ്ടി വെള്ള പുഴക്കലരിയും ഇതിന്നും ൩൪൮ പറ അരി വെണ്ടുന്നതു സഹായ വിലക്കു ഏല്പിപ്പാൻ മനസ്സുള്ള ആളുകൾക്കു കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലേലസമയം അരിയുടെ തരം കാണിക്കാവുന്നതുമാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

൧-ാമതു. ൦൩ം വക അരി പഴപ്പും പുപ്പും ഇല്ലാതെയും നല്ല മെനിയായിട്ടും തരത്തിനു ശരിയിട്ടതായും ശേഖരിച്ചു ഉത്സവമഠത്തിൽ ഹാജരാക്കി അവിടത്തെ പറക്കു തവണക്രമത്തിനും ആവശ്യപ്പെട്ട ശട്ടം കെട്ടുന്നതുപോലെയും കീഴിലെ പതിവു അനുസരിച്ചും അളവു കൊടുപ്പാനുള്ളതാകുന്നു.

൨-ാമതു മേലെഴുതിയതിന്നും അരി ശേഖരിച്ചു ഏല്പിക്കുന്നതിനു മനസ്സുള്ള ആളുകളോടു ഹജൂർക്കച്ചേരിയിൽ വച്ചു ലേലമായിട്ടു കെട്ടു സഹായ വിലക്കു കുത്തക സ്ഥിരപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നാൽ ലേലത്തിൽ ചേരുന്ന ആളുകൾ ക്രമപ്രകാരം ജാമ്യതായോ ഡിമാണ്ടിയോ ഹാജരാക്കി കുത്തക നടക്കുമെന്നുള്ള ഉറപ്പിനു വേണ്ടി ലേലസമയം ൧൦൦ രൂപാ ഡിമാണ്ടി കെട്ടിവെക്കേണ്ടതും അങ്ങിനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകയാൽ മേൽ വിവരിച്ച ക്രമത്തിനു കുത്തക ഏററു നടപ്പാൻ മനസ്സുള്ള ആളുകൾ ൦൩ം വരുന്ന തുലാമാസം ൧൩-നു പകൽ ൧൨ മണിക്കു മേൽപ്രകാരം രൂപായോടു കൂടി ഹജൂർക്കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളുകയും വേണം.

൩-ാമതു. ലേലം സ്ഥിരപ്പെട്ടു കഴിഞ്ഞാൽ മേൽ പറഞ്ഞതിന്നും കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡിമാണ്ടിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൪-ാമതു. കുത്തകക്കു ഏല്പെടുന്ന ആളുകൾ പോരാത്ത ഡിമാണ്ടി വച്ചു ഉടമ്പടി ചെയ്തു അരി ഏല്പിക്കാതിരിക്കയോ വീഴ്ച വരുത്തുകയോ ൦൩ം കുത്തകയിൽ നിന്നും പിൻവാങ്ങുകയോ ഹാജരാക്കുന്ന അരി ൦൩ം വക ചിലവിനു ഉപയോഗപ്പെടുന്നതല്ലെന്നു കാണുകയോ ചെയ്തു സർക്കാരിൽ നിന്നും വേറെ വിധത്തിൽ അരി വരുത്തി നടത്തിക്കയും അതിൽ വച്ചു സർക്കാരിലേക്കു നഷ്ടം നേരിടുകയും ചെയ്താൽ ആ വക നഷ്ടം ആദ്യലേലക്കാരനെക്കൊണ്ടു കെട്ടിവയ്പിക്കുന്നതു കൂടാതെ ലേലസമയം വച്ച ഡിമാണ്ടി പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതുമാണ എന്നാൽ വേറെ വിധം അരി വരുത്തുന്നതിൽ ലാഭം വരുന്നതായാൽ അതിലേക്കു ആദ്യ ലേലക്കാരൻ അവകാശം പറഞ്ഞുകൂടുന്നതല്ലാ.

൫-ാമതു. ൦൩ം കുത്തകക്കു ഏല്പെടുന്നവരെ സ്ഥിരപ്പെടുത്തി നടത്തിക്കുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൩-ാമാണ്ടു കന്നിമാസം ൨൯-

ഗവമ്മെണ്ടു ചീഫ് സിക്രട്ടറി,
ഏ. ജെ. വിയറാ.

ഹജൂർ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

കഴക്കൂട്ടം ക്ഷേത്രത്തിലെ ശ്രീകോവിൽ, മുഖമണ്ഡപം, ശിവൻകൊവിൽ, കൃഷ്ണസ്വാമി കൊവിൽ മുതലായതു പണിക്കിപ്പിക്കുന്ന വകക്കു പീസു നീക്കി ൩൭൩൩ രൂപാ ൪ ചക്രം ൨ കാശിനു അടങ്കൽ അനുവദിച്ചിട്ടുള്ളതിന്മണ്ണം ൦൩ം വേലയെ കുറഞ്ഞ തുകക്കു കൺട്രാക്റ്റായി നടത്തിപ്പാൻ ആൾ ഏല്പെടുന്നതിലേക്കു ൦൩ം വരുന്ന തുലാമാസം ൧൩-നു പകൽ ൧൨ മണിക്കു തിരുവനന്തപുരം ഡിവിഷൻ കച്ചേരിയിൽ വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ അന്നേ ദിവസം ഹാജരായി ലേലത്തിൽ ചേർന്നുകൊള്ളേണ്ടതാകുന്നു.

൧. ൧൦൦ രൂപാ നിരതദ്രവ്യം കെട്ടിവെക്കുന്നവരെയല്ലാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ലാത്തതാകുന്നു.

൨. ലേലം അവസാനിച്ചതിന്റെ ശേഷം ലേലത്തിൽ ചേർന്നിട്ടുള്ള ആളുകളുടെ പേരു വിവരവും അവർ വിളികെട്ടിരിക്കുന്ന തുകയും കാണിച്ചു ഗവർമെണ്ടിലേക്കു എഴുതി ബോധിപ്പിച്ചു അനുവദിച്ചു വരുന്നവരുടെ പേർക്കു ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു.

൩. അങ്ങനെ അനുവദിച്ചു എഴുതിവന്ന ഉടൻ സ്ഥിരപ്പെട്ട ആളിന്റെ ഒഴികെ ശേഷം പേരുടെ നിരതദ്രവ്യം തിരിച്ചു കൊടുക്കുന്നതും ലേലം സ്ഥിരപ്പെടുത്തിക്കിട്ടിയ ആൾ മുൻ വച്ചിട്ടുള്ളതുംപ്പടെ ലേലസംഖ്യയിൽ ൧൦-ൽ ഒന്നു വീതമുള്ള ഡിമാണ്ടിതുക സ്ഥിരപ്പെടുത്തിയ നോട്ടീസു കിട്ടുന്നതു മുതൽ ഒരു വാരത്തിനകം തിരുവനന്തപുരം താലൂക്കിൽ ഒടുക്കി രസീതു വാങ്ങിക്കയും സ്വന്ത ചിലവിന്മേൽ പത്രം ഹാജരാക്കി ഉടമ്പടി എഴുതിവെക്കയും ചെയ്യേണ്ടതും ആകുന്നു.

൬. [illegible] അനുസരിച്ചു [illegible] ഉള്ള [illegible] വേലക്കാർ [illegible] വെച്ചിട്ടുള്ള [illegible] പ്രകാരമായി [illegible] കൂടാതെ [illegible] വേല [illegible] വേലക്കാർ [illegible] അതിലേക്കു [illegible] വേലക്കാർ [illegible] ആകുന്നു.

൭. ൨ാം വേല ഇനംവരെ എണ്ണി [illegible] മുതൽ മൂന്നു വർഷത്തിനകം തീർക്കേണ്ടതും വേലവിവരത്തിനു ലിസ്റ്റു ഇതോടു ചേർത്തിരിക്കുന്നതും ആകുന്നു. കൂടുതൽ വേണ്ട വിവരങ്ങൾ ഡിവിഷൻ കച്ചേരിയിൽ ഹാജരായി ചോദിച്ചു അറിഞ്ഞുകൊള്ളേണ്ടതാണ് എന്നു

[illegible]മാണ്ടു കന്നിമാസം [illegible]൹

ഗവർന്മെന്റു ചീഫ് സെക്രട്ടറി,
എ. ജെ. വീയറാ.

നമ്പർ	വേലവിവരം	[illegible]	അനുവദിച്ച തുക റെട്ട് രൂപാ	ചക്രം	കാശ്
	ശ്രീകോവിൽപണി				
൧	ഒരവല (... പലകയും) കമ്പിക്കടി	൧	൨	...	...
൨	കൊത്തുവല	...	...	...	...
൩	പഴയ രൂപങ്ങളും നവരംഗങ്ങളും ചിവി [illegible] ...	...	...	...	...
൪	ചുവര ഒരു ഉരപ്പടികൾ തിരിക്കുന്നതിനു	...	...	...	...
൫	ചെമ്പു തകിടിനു ചതുരയടി	൧൦൦	൨൭	...	...
൬	ഉത്തര കടയാണി	...	...	...	...
൭	ചില്ലര കഴുക്കോണി	...	...	...	...
൮	ബാലാളത്തിൽ ചായംപിടിക്കുന്നതിനു	...	...	...	...
൯	ശ്രീകോവിലിന്റെ ഉൾവശം ഭിത്തികൾ കല്ലുകൊണ്ടു കെട്ടുന്നതിനു ക്യുബിക്കടി ...	൧൦൦	൨൦	...	...
൧൦	[illegible] ചതുരയടി ...	൧൦൦	൧	൧൫	...
൧൧	[illegible] ചതുരയടി ...	൧൦	...	൫	...
൧൨	ശ്രീകോവിലിനു [illegible] വരാന്തകളുപോലെ കല്ലുകൊണ്ടു കെട്ടിയതിന്റെ [illegible] ക്യുബിക്കടി ...	൧൦൦	൨൫	...	...
൧൩	ശ്രീകോവിലിനു [illegible] ചതുരയടി	൧	൧	൧൫	...
൧൪	ടി [illegible] ടി	൧	൨	...	...
൧൫	[illegible] ചതുരയടി	൧	...	൧൬	...
൧൬	[illegible] ടി	൧	൨	...	...
൧൭	ശ്രീകോവിലിൽ [illegible]	...	...	...	...
൧൮	[illegible]	...	...	...	...
൧൯	ശ്രീകോവിലിനു സ്തൂപി	...	...	...	...
൨൦	[illegible] ടി	...	...	...	...
൨൧	[illegible]	...	...	...	...
൨൨	[illegible]	...	...	...	...
൨൩	[illegible] കല്ലുകൊണ്ടു കെട്ടുന്നതിനും [illegible] ക്യുബിക്കടി ...	൧൦൦	൨൫	...	...
൨൪	കിണററിലെ വെള്ളം ഇറയ്ക്കുന്നതിനും [illegible]	...	...	...	...
൨൫	[illegible] കല്ലുകൊണ്ടു തിട്ടകെട്ടുന്നതിനു ക്യുബിക്കടി ...	൧൦൦	൨൫	...	...
൨൬	[illegible] കരിങ്കൽതളവശ [illegible] ക്യുബിക്കടി	൧	൧	...	...
൨൭	[illegible] ക്യുബിക്കടി	൧൦൦	൧൩	...	...
൨൮	[illegible] ഓടു പൊളിച്ചു [illegible] ...	...	...	...	...
൨൯	പൊളിച്ചു [illegible] ക്ഷേത്രത്തിന്റെ വെളിയിൽ കൊണ്ടുചെന്നു ക്ഷേത്രം [illegible]	...	...	...	...
	തടപ്പള്ളി പണിയുന്നതിനു				
൩൦	[illegible] ക്യുബിക്കടി	൧൦൦	൨൫	...	...
൩൧	[illegible] ചതുരയടി	൧൦൦	൧	൨൦	...
൩൨	[illegible] സിമന്റു വെക്കുന്നതിനു ചതുരയടി	൧൦൦	൭	...	...
൩൩	[illegible] ക്യുബിക്കടി	൧	൧	൨൫	...
൩൪	[illegible] ഓടു [illegible] ചതുരയടി ...	൧൦൦	൨൦	...	...
൩൫	[illegible] അടിക്കുന്നതിനു ചതുരയടി	൧൦൦	൨൫	...	...
൩൬	[illegible]	൧	...	൧൬	...
൩൭	[illegible]	...	...	...	...
൩൮	[illegible] കാടികല്ലു [illegible]	൧	൧	൧൫	...
൩൯	കല്ലുകൊണ്ടു [illegible] ക്യുബിക്കടി	൧൦൦	൨൫	...	...

Notification

It is notified for general information that a third class Postal and Telegraphic Office was opened at Mundakayam from the 21st September 1907.

Huzur Cutcherry,
Trivandrum,
14th October 1907.

A. J. VIEYRA,
Chief Secretary to Government.

പരസ്യം

സകലമാന ജനങ്ങളും അറിയുന്നതിനായി ഇതിനാൽ പരസ്യം ചെയ്യുന്നതു എന്തെന്നാൽ ൧൯൦൭ സെപ്തംബർ ൨൧-ാം മുതൽ മുണ്ടക്കയത്തു തപാലും ടെല്ലഗ്രാഫും ചേർന്ന ഒരു മൂന്നാം തരം ആപ്പീസു സ്ഥാപിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൭ ഒക്ടോബർ ൧൪-ാം

എ. ജെ. വീയറാ.
ഗവർമ്മെന്റു ചീഫ് സിക്രട്ടറി.

Notification

It is notified for general information that the third class combined Postal and Telegraphic Office at Kanjirapalli was closed on the 20th September 1907.

Huzur Cutcherry,
Trivandrum, 14th October 1907.

A. J. VIEYRA,
Chief Secretary to Government.

പരസ്യം

സകലമാന ജനങ്ങളും അറിയുന്നതിനായി ഇതിനാൽ പരസ്യം ചെയ്യുന്നതു എന്തെന്നാൽ കാഞ്ഞിരപ്പള്ളിയിൽ തപാലും ടെല്ലഗ്രാഫും ചേർന്ന മൂന്നാം തരം ആപ്പീസിനെ ൧൯൦൭ സെപ്തംബർ ൨൦-ാം നിറുത്തൽ ചെയ്തിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൭ ഒക്ടോബർ ൧൪-ാം

എ. ജെ. വീയറാ.
ഗവർമ്മെന്റു ചീഫ് സിക്രട്ടറി.

Notice.

It is hereby notified for general information that the 4th Session of the Sri Mulam Popular Assembly will be held in the Victoria Jubilee Town Hall on the 18th November next, and following days.

Huzur Cutcherry,
Trivandrum,
14th October, 1907.

A. J. VIEYRA,
Chief Secretary to Government.

Notice

Notice is hereby given to the heirs and legal representatives of R. Mahadeva Aiyar, clerk Judicial Section of the General and Revenue Secretariat, who is reported to have died on the 20th Chingom 1083 / 5th September 1907, to submit to the Chief Secretary to Government in person or by a duly authorised agent on or before the 12th Dhanu 1083 / 27th December 1907 their claim to the bonus assured by Policy No. 2005 dated the 9th July 1907 issued to the deceased.

As to the nature of the proof required to establish their claim, the claimants are referred to the rules published on pages 1098 and 1099 of the Travancore Government Gazette dated the 26th Chingom 1082.

For the Chief Secretary to Government,
R. RAMALINGA AIYAR,
Acting Assistant Secretary.

State Life Insurance Branch,
Huzur Cutcherry, Trivandrum,
28th September, 1907.

പരസ്യം.

ഹജൂർ ജനറൽ ആൻറ റവന്യൂ സിക്രട്ടേറിയററിൽ ജുഡിഷ്യൽ സെക്ഷനിൽ ക്ലാർക്കായിരുന്ന ആർ. മഹാദേവയ്യൻ ൧൯൦൭-ാം വർഷം സെപ്തമ്പർമാസം ൫-ാംനു ൧൦൮൩-മാണ്ടു ചിങ്ങമാസം ൨൦-ാംനു മരിച്ചുപോയതായി അറിവു കിട്ടിയിരിക്കുന്നതിനാൽ ടിയാൻറെ ൧൯൦൭-ാം വർഷം ജൂലായിമാസം ൯-ാംനു ൨൦൦൫-ാമതു നമ്പരായി ലഭിച്ചിട്ടുള്ള രക്ഷാദേഗ ഉടമ്പടി പ്രകാരം ചെല്ലുവാനുള്ള ഗുണഫലത്തുകക്ക ടിയാൻറെ അവകാശികൾക്കൊ ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള മററു ആളുകൾക്കൊ ഉള്ള അവകാശത്തെ അവർ തന്നെ നേരിട്ടൊ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കാൎയ്യസ്ഥൻ മുഖേനയൊ ൧൯൦൭-ാം വർഷം ഡിസംബർ ൨൭-ാംനു ൧൦൮൩-മാണ്ടു ധനുമാസം ൧൨-ാംനു-യൊ അതിനുമുമ്പൊ ഗവർമ്മെൻറ ചീഫ് സിക്രട്ടേറി അവർകൾ മുമ്പാകെ ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

അവകാശക്കാർ അവകാശത്തെ ഇന്ന വിധം തെളിയിക്കേണമെന്നുള്ളതിനെപ്പററി ൧൦൮൨-ാമാണ്ടു ചിങ്ങമാസം ൨൬-യിലെ തിരുവിതാംകൂർ ഗവർമ്മെൻറ ഗസെററിൽ ൧൦൯൮ ൧൦൯൯ വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ചട്ടങ്ങളെ നോക്കികൊള്ളേണ്ടതാകുന്നു.

ഹജൂർ രക്ഷാദേഗശ്ശാഖ
തിരുവനന്തപുരം
൧൯൦൭ സെപ്തമ്പർ ൨൮-

ഗവർമ്മെൻറ ചീഫ്സിക്രട്ടേറി അവർകൾക്കുവേണ്ടി,
ആ: അസിസ്റ്റൻറ സിക്രട്ടറി,
ആർ. രാമലിംഗയ്യർ.

Correction to the Civil Service Regulations.

Page 49 Article 184—*Cancel* Note 2.

Huzur Cutcherry
Trivandrum,
September, 1907.

P. V. KISTNASAMI CHETTY,
Financial Secretary.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, October 15, 1907 / Kanni 29, 1083.

Part II.— രണ്ടാം ഭാഗം

Notice under section 6 of Regulation III of 1067.

Whereas the Government have resolved to acquire the property mentioned in the subjoined schedule and required for the Tovala Channel, the owners and other persons claiming an interest in the land are hereby called upon to appear either personally or by authorised agents before this office on the day shown in the last column of the schedule and put in written statements showing the nature of their claim to compensation for such interests and the amount of compensation which they may claim.

Padmanabhapuram,
17th Kanni, 1083

C. RAGHAVACHARI,
Assistant to the Dewan Peishkar.

File No. of case.	Particulars of property.							Name of registry holder.	Name of person in possession.	Date of enquiry.
	Taluk.	Proverthy.	Pakuthi.	Survey No.	Nature of tenure.	Area in Sq. ft.	Number of trees.			
1	Tovala.	Naduvupidaka.	Arumanallur.	162.	Pattom.	17350.	44	Kurakka Savarimuthu Mathevan.	Subrahmanyan Arunachalam.	19th Thulam 1083.

പത്മനാഭപുരം ഡിവിഷൻ അസിസ്റ്റൻറാപ്പീസിൽ നിന്നും ൧൮൭൭ ലെ ൬-ാം റിഗുലേഷൻ ൩-ാം വകുപ്പുപ്രകാരം എഴുതുന്ന നോട്ടീസ് എന്തെന്നാൽ

തൊവാള മണ്ടപത്തുംവാതുക്കൽ നടവുപ്പിടാക പ്രവൃത്തിയിൽ അമ്മനല്ലൂർ മുറിയിൽ ചാനൽ വകക്ക ആദ്യം എടുത്ത സ്ഥലം ഭേദപ്പെടുത്തി ലയൻ മാററി എടുക്കേണ്ടതിന്ന കണക്ക തവശിമുത്തു മാതെവന്റെ പേരിൽ പതിഞ്ഞ സവേ ൧൩൨-ാം നമ്പർ വസ്തുവിൽ നിന്നും ൧൭൩൭൦ ചതുരശ്ര അടി സ്ഥലം എടുക്കുന്നതിന്ന നിശ്ചയിച്ചിരിക്കുന്നു.

൧. ഈ വസ്തുവിന്മേൽ ഉള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബോദ്ധ്യതയുള്ള ആധാരങ്ങൾ സഹിതം താഴെ പട്ടികയിൽ പറയുന്ന തിയതിയിൽ ഈ കച്ചേരി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

൨. ആ അപേക്ഷയിൽ കാണേണ്ടതെന്തെന്നാൽ വസ്തുവിന്മേൽ ഉള്ള ബാദ്ധ്യതയുടെ സ്വഭാവത്തെയും ആ വിധ ബാദ്ധ്യതകൾക്ക വേണ്ട പ്രതിഫലത്തിനുള്ള അവകാശത്തിന്റെ വിവരങ്ങളെയും പ്രതിഫലത്തുകയെയും വിസ്തരിച്ചിരിക്കേണ്ടതാകുന്നു എന്ന

അസിസ്റ്റൻറ ടി. രാഘവാചാരി.

വസ്തുവിവരം

ഫയൽ നമ്പർ	സ്ഥലം എടുക്കുന്നതു ഇന്ന വകക്കൊന്നു	വസ്തു കിടക്കുന്ന താലൂക്ക	പ്രവൃത്തി	മുറി	കണ്ടാറ	ലക്കം	ഇനം	നിലമൊ പുരയിടമൊ എന്നു	എടുക്കുന്ന സ്ഥലത്തിന്റെ നീളം അടി	വീതി അടി	പെരുക്കം അടി	വൃക്ഷത്തിന്റെയും മററും വിവരം	പേരിൽപതിവുകാരന്റെ പേര	അനുഭവക്കാരന്റെ പേര	വിചാരണയിലെത്തുണ്ട മാസം വ-
൧	തൊവാള ചാനൽ വകക്ക ആദ്യം എടുത്ത സ്ഥലം ഭേദപ്പെടുത്തി ലയൻ മാററി എടുക്കേണ്ടതിന്ന	തൊവാള	നടവുപ്പിടാക	അമ്മനല്ലൂർ	...	സവേ നമ്പർ ൧൩൨	പണ്ടാരവക പാട്ടം	പുരയിടം	...	...	൧൭൩൭൦	തെക്ക തൈ ൨൦ തെക്ക വൃക്ഷം ൨൧ ആകെ ൪൧	കണക്ക തവശിമുത്തു മാതെവൻ	സുബ്രഹ്മണ്യൻ അരുണാചലം	൧൦൯൩ ഇടവം ൧൭

നമ്പർ ൯.

പാറശ്ശാല ൨-ാം ക്ലാസ മജിസ്ട്രേട്ടു കോടതിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൭൭-ാമാണ്ടത്തെ ൩-ാം റെഗുലേഷനിലെയും അതനുസരിച്ചു ൧൦൭൭ ആടി ൧൭-നു- കല്പനപ്രകാരം ഹൈക്കോടതിയിൽ നിന്നും ഏൎപ്പെടുത്തിയിട്ടുള്ള റൂൾസിലെയും നിബന്ധനപ്രകാരം ഈ കോടതിവക താഴെ പറയുന്ന റിക്കാൎട്ടുകൾ നശിപ്പിക്കുന്നതിനു തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിലേക്കായി ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു. മേൽ വിവരിച്ച റിക്കാൎട്ടുകൾ ഈ നോട്ടീസ് ഗവൎമ്മെന്റു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ആറുമാസം കഴിഞ്ഞു നശിപ്പിക്കുന്നതാകകൊണ്ടു റിക്കാൎട്ടുകളുടെ പകൎപ്പു കിട്ടണമെന്നു അപേക്ഷയുള്ളവർ മെല്പറഞ്ഞ അവധിക്കകം അതിലേക്കു അപേക്ഷിച്ചു വാങ്ങിക്കൊള്ളേണ്ടതാകുന്നു എന്നു ൧൦൮൩ കന്നി ൩൦-നു- ൨-ാം ക്ലാസ മജിസ്ട്രേട്ടു എൻ. നീലകണ്ഠപ്പിള്ള

ആണ്ടു	രെജിസ്തരിലുള്ള കേസ്സുകളുടെ നമ്പരുകൾ	നശിപ്പിക്കുന്നതിനു തിരിഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാൎട്ടുകളുടെ വിവരം	റിമാൎക്ക
൧൦൭൧	൨ മുതൽ ൩൩ വരെയും [illegible] വരെയും നമ്പരുകൾ	ജഡ്ജിമെന്റുകളും തീൎപ്പു ഉത്തരവുകളും രാജി ഹരജികളും	
൧൦൭൨	...	പകൎപ്പു അപേക്ഷഹരജി ബുക്ക ൧ ഹാജർ ബുക്ക ൧	
൧൦൭൩	...	ഡിവിഷൻ സാധന നക്കൽ ബുക്ക ൧	
൧൦൭൪	...	ചീട്ടു നമ്പർ ബുക്ക ൧	
൧൦൭൫	...	ഡിവിഷൻ സാധന നക്കൽ ബുക്ക ൧	
൧൦൭൬	...	ചീട്ടു നമ്പർ ബുക്ക ൧ പകൎപ്പു അപേക്ഷഹരജി ബുക്ക ൧ ഹെഡ്ഡും ഡിവിഷനും സാധന നക്കൽ ൧ സങ്കടഹരജി രജിസ്റ്റർ ബുക്ക ൧ സംഭവം റിപ്പോൎട്ടു ബുക്ക ൧ പ്രാസസ്സും ചീട്ടും നമ്പർ ബുക്ക ൧ തൊണ്ടി രജിസ്റ്റർ ബുക്ക ൧	ഇടക്കു വിധിച്ചിട്ടുള്ള സംബന്ധകേസുകൾ മറ്റു കോടതികളിൽ അയക്കപ്പെട്ടിട്ടുള്ളതാകുന്നു
൧൦൭൭	...	പ്രാസസ്സും ചീട്ടും നമ്പർ ബുക്ക ൧ സങ്കടഹരജി രജിസ്റ്റർ ബുക്ക ൧ ചീട്ടുനമ്പർ ബുക്ക ൧ ഡിവിഷൻ സാധന നക്കൽ ബുക്ക ൧	
൧൦൭൮	...	സങ്കടഹരജി രജിസ്റ്റർ ബുക്ക ൧ ഹെഡ്ഡും ഡിവിഷനും സാധന നക്കൽ ൧ പിറവകചീട്ടു നമ്പർ ബുക്ക ൧ പ്രധാന രജിസ്റ്റർ ബുക്ക ൧ പിറവക രജിസ്റ്റർ ബുക്ക ൧ പ്രാസസ്സും സാക്ഷിപ്പടിയും രജിസ്റ്റർ ൧ തൊണ്ടി രജിസ്റ്റർ ബുക്ക ൧ വിചാരണ തീൎപ്പു ബുക്ക ൧ സംഭവവും റിപ്പോൎട്ടും രജിസ്റ്റർ ൧	
൧൦൭൯	...	പ്രാസസ്സു മടക്കായ്ക്കു ബുക്ക ൧ സംഭവവും റിപ്പോൎട്ടും ബുക്ക ൧ സാക്ഷിപ്പടി രജിസ്റ്റർ ബുക്ക ൧ പകൎപ്പു അപേക്ഷഹരജി ബുക്ക ൧ ചീട്ടുനമ്പർ ബുക്ക ൧ ഡിവിഷൻ സാധന നക്കൽ ൧ സങ്കടഹരജി രജിസ്റ്റർ ബുക്ക ൧	

നാഗരകോവിൽ ജില്ലാക്കോർട്ടിൽ നിന്നും

നശിപ്പിക്കപ്പെടുന്ന റിക്കാർട്ടുകളെ കുറിച്ചുള്ള നോട്ടീസു.

[illegible] താഴെ കാണിച്ചിരിക്കുന്ന റിക്കാർട്ടുകൾ [illegible] നശിപ്പിക്കപ്പെടുന്നതാകയാൽ [illegible] ഈ നോട്ടീസു ഗവർമ്മെണ്ടു ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ൬ മാസം കഴിഞ്ഞാൽ നശിപ്പിച്ചുകളയുന്നതിനാൽ ഈ വക റിക്കാർട്ടുകൾ [illegible] അവർ അവധിക്കകം ഹാജരായി വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

൧൧൦൫-മാണ്ടു കന്നിമാസം ൧൨-നു.

ആക്ടിംഗ് ജഡ്ജി. പി. ചെറിയാൻ.

ആണ്ടു വിവരം	നശിപ്പിക്കുന്ന നമ്പറുകളുടെ വിവരം	നശിപ്പിക്കുന്നതിന്നു തിരിഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാർട്ടുകളുടെ വിവരം	റിമാർക്ക
൧൧൦൫ മാണ്ടു	അസൽ ൧ മുതൽ ൧൨൨ വരെ	അന്യായം പ്രതിഉത്തരം പ്രമാണപകപ്പു സാക്ഷിമൊഴികളും ഉപയോഗമില്ലാതെ വച്ചിരിക്കുന്നിട്ടുള്ള വിധിനടന്നുകെസ്സു	
തിരുവനന്തപുരം ജില്ലാക്കോർട്ടിൽ നിന്നു	൧൧൦൫ മാണ്ടു അസൽ ൨൦൭ വരെ	വിധിനടന്നുകെസ്സു	
നാഗരകൊവിൽ മുൻസിപ്പിൽ നിന്നു	അസൽ ൩൦൦	ടി	

ആശുപത്രിയിൽ നിന്നും അരിയും കൊപ്പും കൊടുത്തുവന്നതിനെ നിറുത്തി പണമായി കൊടുക്കേണ്ടതിന്നു തീർച്ചപ്പെട്ടു കൊടുത്തു വരുന്ന ആതുരവക്കാരും ഹാജരായി പണം വാങ്ങിക്കൊണ്ടു പോകേണ്ട തീയതി നിശ്ചയിച്ചു എഴുതിയ നൊട്ടീസു.

൧-ാമതു ക്ലാസു ൩൦-ം അതിനുമേലും പണങ്ങളും പതിഞ്ഞു വാങ്ങിവരുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും തുലാമാസം ൧൧-ം ൧൨-ം

൨-ാമതു ൩൦ പണത്തിനു താഴെ ൧൨ പണം വരെ പതിഞ്ഞു വാങ്ങിവരുന്ന പുരുഷന്മാർക്ക് ൧൩-ം ൧൪-ം

൩-ാമതു ൧൨ പണത്തിനു താഴെ ൧൦ അര പണം വരെ പതിഞ്ഞു വാങ്ങിവരുന്ന പുരുഷന്മാർക്ക് ൧൫-ം ൧൬-ം

൪-ാമതു ൧൦ അര പണത്തിനു താഴെ പതിഞ്ഞു വാങ്ങിവരുന്ന പുരുഷന്മാർക്ക് ൧൭-ം ൧൮-ം

൫-ാമതു ൩൦ പണത്തിനു താഴെ ൧൦ അര പണം വരെ പതിഞ്ഞു വാങ്ങി വരുന്ന സ്ത്രീകൾക്ക് ൧൯-ം ൨൦-ം

൬-ാമതു ൧൦ അര പണത്തിനു താഴെ പതിഞ്ഞു വാങ്ങിവരുന്ന സ്ത്രീകൾക്ക് ൨൧-ം ൨൨-ം കൊടുക്കപ്പെടുന്നതാകുന്നു.

പണം കൊടുക്കുന്നതിന്നു വ്യവസ്ഥപ്പെടുത്തിയിട്ടുള്ള തീയതികളിൽ കച്ചേരി ഒഴിവായിരുന്നാലും പണം കൊടുക്കുന്നതിന്നു തടസ്ഥം ഇല്ലാത്തതാകുന്നു.

മേൽ ക്ലാസിലുൾപ്പെട്ട ആളുകളും കുറിപ്പെടുത്തിയിട്ടുള്ള തീയതികളിൽ തന്നെ ഹാജരായി പണം വാങ്ങിക്കൊണ്ടും അങ്ങനെ വാങ്ങിക്കാത്തവർ അടുത്ത മാസങ്ങളിൽ വരുന്ന മേൽപ്പറഞ്ഞ തീയതികളിൽ ഹാജരായി പണം വാങ്ങിച്ചു കൊള്ളേണ്ടതും ആകുന്നു.

വ്യവസ്ഥപ്പെടുത്താത്തയുള്ള മററു തീയതികളിൽ ഹാജരായാൽ പണം കൊടുക്കുന്നതല്ലാത്തതും അതിനെപ്പററിയുള്ള പരാതിയെ സ്വീകരിക്കുന്നതല്ലാത്തതുമാകുന്നു.

൨-ാം തഹശീൽദാർ ററി. എസ്. വെങ്കിടാചലമയ്യർ.

നമ്പർ ൧൩൭.

ചെൎത്തല താലൂക്ക കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സൎക്കാർവക എഴരി തിരുവമ്പിള്ളാത്ത കലവൂർ ക്ഷെത്രത്തിൽ ശാന്തിക്കു ൯ കൊല്ലത്തെക്ക ൧൮൦ ൨ പണമായി ചങ്ങ്ങാടി ഇല്ലത്തു ഗൊവിന്ദൻ നാരായണൻ എമ്പ്രാൻ ഏററിട്ടുള്ള കാലാവധി ൧൦൮൩ാമാണ്ടു വൃശ്ചികം ൩൦-ാം വരെ ആകുന്നു തീരുന്നതിനാൽ മെലും ൯ കൊല്ലത്തെ ശാന്തി അടിയറക്ക ൧൦൮൩ തുലാം ൨൩൦- മുതൽ ൨൫൦- വരെ മൂന്നു ദിവസം ഈ കച്ചെരിയിൽ വച്ചു ലെലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളി കെൾക്കാമെന്നും ഏറ്റവും കൂടുതൽ തുകക്ക ഏല്പിക്കുന്നവരുടെ പെരിൽ ലെലം സ്ഥിരപ്പെടുത്തുന്നതും ആകുന്നു

ലെലം സ്ഥിരപ്പെട്ടാൽ ഉടനെ നാലിൽ ഒന്നു ഡെമനി തൊകയും ശെഷം സംഖ്യയും അടക്കവതു മുതലായതും ഉത്തരവു വന്നു തെയ്യാറപ്പെടുത്തുമ്പൊൾ കെട്ടിവച്ചു അടിയറ കച്ചീട്ടും എഴുതി വെക്കയും ചെയ്യെണ്ടതാകുന്നു അങ്ങനെ ഡെമനിയൊ ശെഷം പണമൊ ഒടുക്കാതെയിരുന്നാൽ ആവൎത്തിച്ചു ലെലം ചെയ്യാനും നഷ്ടത്തിനു ആദ്യലെലക്കാരനെക്കൊണ്ടു ഉത്തരവാദം ചെയ്യിക്കുന്നതിനും ഇടവരുന്നതാണ ഈ ശാന്തിക്കു മാസം ഒന്നുക്കു ൧൨ ॥ പണം ശമ്പളവും രണ്ടുനെരം പക്കത്തിൽ ഭക്ഷണവും ആട്ടുമാറഭ എണ്ണ വെററില പാക്ക അനുഭവും ഉള്ളതാകുന്നു ൮൩ കന്നി ൨൩-

കാൎയ്യം വിചാരിക്കുന്ന തിരുവാട്ടാർ
മജിസ്ത്രെട്ടു ആർ, കെ, കൃഷ്ണപിള്ള

തിരുവനന്തപുരം ഡൎബാർഫിസിഷ്യൻ ആഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തിരുവനന്തപുരത്തു തെക്കൊട്ടു ആശുപത്രിയിൽ കിടന്നിരുന്നവനും ഇരുപത്താറു വയസ്സു പ്രായമുള്ളവനും ഗിരിജനാഥ എന്നു പെരു വിളിക്കപ്പെടുന്നവനും ആയ ഗൊസായി ബ്രാഹ്മണൻ ൮൩ ൦ ൨ ൦ ൩൦- മരിച്ചുപൊയിരിക്കുന്നതായി അറിവു കിട്ടിയിരിക്കുന്ന ടിയാളുടെ അവകാശികളായി ആരെങ്കിലും ഉണ്ടെങ്കിൽ ഇന്നു മുതൽ ൩൦ ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി അവകാശത്തെ തെളിവിച്ചു രസീതു കൊടുത്തു ടി ഗിരിജനാഥ എന്നു ആളിന്റെ വക താഴെ പട്ടികയിൽ ചെൎത്തിരിക്കുന്ന സാമാനങ്ങളെ വാങ്ങിക്കൊള്ളെണ്ടതാകുന്നു അങ്ങിനെ ആരും ഹാജരായി ബൊധിപ്പിക്കാത്തപക്ഷം അവധികഴിഞ്ഞാൽ ഉടൻ ടി സാമാനങ്ങളെ ലെലത്തിൽ വില്പിച്ചു കിട്ടാകുന്ന പണം സൎക്കാരിലെക്ക മുതൽ കൂട്ടുന്നതാകുന്നു എന്നു

ഡൎബാർ ഫിസിഷ്യൻ ആഫീസു
തിരുവനന്തപുരം
൧൦൮൩-ാമാണ്ടു കന്നിമാസം ൨൫-

എച്ച്. ക്രാമ്പൽപെക്വൻസ്
ആക്ടിംഗ്, ഡൎബാർഫിസിഷ്യൻ.

നമ്പർ	സാമാനവിവരം	എണ്ണം
൧.	ചെമ്പുകാശ്	൩൪
൨.	ടി ടി	൧
൩.	പിച്ചളചെമ്പു (ചെറുതു)	൧
൪.	ടി കിണ്ണം	൧
൫	ഇരുമ്പു ത്രട്ടം	൧

നമ്പർ ൨ ൨൭.

തിരുവനന്തപുരം ഒന്നാം ക്ലാസ്സ് മജിസ്ത്രെട്ടു കോട്ടിൽനിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥനെ നിശ്ചയമില്ലാതെ കല്ലാലക്കടവിൽ വിളക്കമരത്തിന്റെ ചുട്ടിൽ കിടന്നു പുത്തൻചന്ത സ്റ്റെഷനിൽ ജൊലിനോക്കുന്ന ൨൫൭ാം നമ്പർ കാൻസ്റ്റെബിൾ സയ്യദ്കാസിമിനാൽ കണ്ടെടുത്തു ഹാജരാക്കപ്പെട്ടതും ആ സ്റ്റെഷനാപ്സരുടെ റിപ്പോട്ടു സഹിതം വന്നിട്ടുള്ളതും മൂന്നു മുഴം സമചതിരവും ചില സ്ഥലങ്ങളിൽ കീറൽകളുള്ളതുമായ ഒരു സാൽവയെയും ൪ മുഴം നീളം ൨ മുഴം വീതിയിൽ മഞ്ഞളു ഇട്ട ചാരൻ വീതിയിൽ ചുമപ്പുള്ള ഒരു ചെലസിനെയും തിരിച്ചു ആ സ്റ്റെഷനിൽ അയച്ചു സൂക്ഷിപ്പിച്ചിരിക്കുന്നു. മെല്പറഞ്ഞ സാമാനങ്ങൾക്ക ഉടയക്കാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ അവർ ഈ പരസ്യത്തിലെ തിയതി മുതൽ ഒരു മാസത്തിനകം ഈ കോട്ടിൽ ഹാജരായി ബൊധിപ്പിച്ചു കൊള്ളെണ്ടതാകുന്നു. അതിനകത്തും ചെയ്യാത്തപക്ഷം അവധി കഴിഞ്ഞു കൂടുമ്പൊൾ സാമാനങ്ങളെ മുഴുവൻ ലെലംചെയ്തു ഉണ്ടാകുന്ന പണം സൎക്കാരിലേക്ക മുതൽ കൂട്ടുന്നതാകുന്നു എന്നു ൮൩ കന്നി ൨൫-

൧ാം ക്ലാസ്സ് മജിസ്ത്രെട്ടു പി. പി. കയ്യൻ.

നമ്പർ ൨൩.

കൊല്ലം ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ നിന്നും
പരസ്യം ചെയ്യുന്ന ലേലനോട്ടീസ്

[illegible] ഒരു മാസ [illegible] ലേലം [illegible] ഒന്നാം തീയതി [illegible] കന്നിമാസം [illegible]

ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് പി. സത്യനേശൻ.

Private Advertisement.

പരസ്യം.

കൊല്ലം അഡിഷനൽ മുൻസിഫ് കോട്ടിൽ
[illegible] സ്യൂട്ട് നമ്പർ [illegible].

വാദി.

കൊല്ലം കച്ചേരിക്കു കിഴക്കുവശം [illegible] ചിറയിൻകീഴ് [illegible] അധികാരത്തിൽ [illegible] വാസ്തവീട്ടിൽ [illegible] പരമേശ്വരൻ.

പ്രതി.

ചേർത്തല താലൂക്കിൽ [illegible] പ്രവൃത്തിയിൽ തെക്കനാര്യാട്ട മുറിയിൽ [illegible] വീട്ടിൽ അയ്യപ്പൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു

പ്രതിക്കു ഈ കോട്ടിൽ നിന്നും പല പ്രാവശ്യവും സമൻസു അയച്ചതിൽ സമൻസു കയ്യേറാതെ [illegible] നടക്കുന്നതായി വാദി വക്കീൽ ബോധിപ്പിച്ചിരിക്കുന്നു. [illegible] വിചാരണക്കു വച്ചിരിക്കുന്നതിനാൽ [illegible] ഹാജരാകാത്തപക്ഷം പ്രതിയെക്കൂടാതെ കേസു വിസ്തരിച്ചു തീർച്ച ചെയ്യുന്നതാകുന്നു.

[illegible] കന്നിമാസം [illegible] ഉത്തരവുപ്രകാരം,
[illegible] കെ. വി ഗബ്രിയേൽ.

സമൻസു.

ആലപ്പുഴ മുൻസിപ്പു കോട്ടിൽ
[illegible] സിവിൽ നമ്പർ [illegible].

വാദി.

ആര്യാട്ട തെക്കനാര്യാട്ട മുറിയിൽ ആനക്കാലി വേലിക്കകത്തു നാരായണൻ കൃഷ്ണൻ.

കൂട്ടൽ പ്രതി.

ആര്യാട [illegible] മുറിയിൽ [illegible] പൈലി അന്ന.

മേൽപ്പറഞ്ഞ പ്രതിയെ തെര്യപ്പെടുത്തുന്നതു

ആനക്കാലി വേലിക്കകത്തു കുടുംബത്തിന്റെ [illegible] കുടുംബവും [illegible] അന്യായത്തിൽ പറയുന്ന [illegible] നമ്പർ [illegible] നിലം [illegible] പേരിൽ പതിഞ്ഞതും ആയതു വാദിയുടെ [illegible] കൃഷ്ണൻ പ്രതികളുടെ പൂർവികൻ കൊച്ചാക്കോ കൊച്ചുമാത്തുവിനു

൧൦൭൨ മകരം ൩൰ നു ൩൫൦ കാൽ പണത്തിനു ഒററി കൊടുത്തു ൨ാം പ്രതി വേമ്പനാട്ടു കായലിൽ നിന്നും പുതുവൽ തിരുത്തി എടുത്തതും ആകയാൽ ഒററി അൎത്ഥം ൩൫൦ കാൽ പണവും ദെഹണ്ഡവില ൧൨൦൦ പണവും ഉൾപ്പടെ ൧൫൫൦ കാൽ പണം കൊടുത്തു വസ്തു ഒഴിപ്പിച്ചു കൊടുക്കണമെന്നും ടി വാദി അന്യായം ബോധിപ്പിച്ചിരിക്കയാൽ അതിനു ഉത്തരം ബോധിപ്പിപ്പാനായി പ്രതിയോ അധികാരം സിദ്ധിച്ച വക്കീലൊ വരുന്ന തുലാം ൫൰ പകൽ ൧൧ മണിക്കു൦ കോട്ടിൽ ഹാജരായിക്കൊള്ളുകയും വേണം. ഹാജരാകാതെ പോയാൽ പ്രതിയെ കൂടാതെ വിധിക്കയും ചെയ്യും. ൧൦൮൩ കന്നി ൧൰

ഉത്തരവുപ്രകാരം,
ഹെഡ് ഗുമസ്താ വി. കൃഷ്ണരായര.

പരസ്യം.

പറവൂർ മുൻസിപ്പുകോട്ട്
൧൦൮൩ ൽ അസൽ നമ്പർ ൨
വാദി

അയിരൂർ പ്രവൃത്തിയിൽ കരുമാല്ലൂർ കരയിൽ കാഞ്ഞിരക്കാട്ടു കളത്തിലവീട്ടിൽ കൃഷ്ണൻ രാമൻ

പ്രതികൾ

൧. ടി കരയിൽ നിരണം വീട്ടിൽ ഇരിക്കും പടിഞ്ഞാറെ താഴത്തുവീട്ടിൽ കണാരു കൃഷ്ണൻ ശങ്കരൻ (൨) ടി കരയിൽ ചടാപ്പിള്ളിവീട്ടിൽ ശങ്കരൻ കേശവൻ (൩) ടി കരയിൽ കളപ്പുരയ്ക്കൽ വീട്ടിൽ ശങ്കരൻ അച്യുതൻ (൪) ടി കരയിൽ നാറാണിവീട്ടിൽ ഇരിക്കും കളപ്പുരയ്ക്കൽ വീട്ടിൽ ശങ്കരൻ ഗോവിന്ദൻ (൫) ടിയിൽ അച്ചുതൻ ഗോപാലൻ.

വാദിയും ൧-ം ൨-ം പ്രതികളും കരുമാല്ലൂർ കരയിലെ മുഖ്യസ്ഥന്മാരും ടി കരയിലുള്ള പുരപ്പിള്ളിക്കാവു ക്ഷേത്രത്തിലെ മെൽ കാൎയ്യസ്ഥന്മാരും ആകുന്നു എന്നും ടി ദെവസ്വം കാൎയ്യഭരണത്തെക്കുറിച്ചു ൭൨ാമാണ്ടു കരയൊഗത്തിൽനിന്നും നിശ്ചയിക്കപ്പെട്ട റൂൾസും ലിസ്റ്റും അനുസരിച്ചു ൧൦൭൯ാമാണ്ടത്തെ കാൎയ്യഭരണക്കാരനായി കരമുഖ്യസ്ഥനായ വാദിയെ നിയമിക്കയും ടി മീനം ൩൰ വരെ വാദി ടി ദെവസ്വം കാൎയ്യങ്ങൾ നൊക്കിവരികയും ചെയ്തു വന്നു എന്നും ടി ക്ഷേത്രത്തിലെ ആറാട്ടുദിവസമായ ൭൯ മീനം ൧൰ നു വാദിയെ ധിക്കരിച്ചു കാവടക്കം മുതലായ നടവരവിനെ ൩ാം പ്രതി ബലമായി അപഹരിക്കയും ൭൯ മെടം മുതൽ ദെവസ്വത്തിലെക്കുള്ള ബാക്കി പാട്ടവും ൮൦ ലെ മുഴുവൻ പാട്ടം മുതലായതും ൩ാം പ്രതി പിരിച്ചെടുത്തു ൮൦ കക്കിടകം വരെ ദെവസ്വം പൂജ നിത്യനിദാനം ഉത്സവം കെട്ടിമെച്ചിൽ മുതലായ ചിലവുകൾ നടത്തിവരികയും ചെയ്തിട്ടുണ്ടെന്നും ടി റൂൾസു അനുസരിച്ചു ൭൯ ലെ കണക്കു ബാക്കി മുതലും മറ്റും കാൎയ്യസ്ഥനെ ഏല്പിച്ചിട്ടില്ലെന്നും ൩ാം പ്രതി തന്നെ ൮൦ ൽ കാൎയ്യസ്ഥനായിരുന്നു എന്നും അയാൾ കൈവശം ബാക്കി മുതലുകൾ ഇരുന്നിരുന്നു എന്നും ൭൯ മെടം മുതൽ ൮൦ കക്കിടകം വരെ ചിലവു നീക്കി വരുമ്പ ൨൧൨ മുങ്ങാണി ഇടങ്ങഴി നെല്ലും പത്തിനൊന്നു പലിശയും ദെവസ്വത്തിലെക്കു വരെണ്ടതായി കാണുന്നപ്രകാരവും നടവരവിൽ ചിലവു നീക്കി ബാക്കി ൫ രൂപായും ഉണ്ടെന്നും ആ വക എല്ലാ സംഖ്യകളും മെലാൽ പലിശ ചിലവുസഹിതം ൩ മുതൽ പ്രതികളെക്കൊണ്ടും അവരുടെ താവഴി വസ്തുവിന്മെൽ സ്ഥാപിച്ചും ടി ദെവസ്വത്തിലെക്കായി കൊടുപ്പിക്കണമെന്നും ൧൧൭൦ മുക്കാലെ അരയ്ക്കാൽ പണം സലചെയ്തു അന്യായം.

ടി ക്ഷെത്രം കരയോഗം വകയും കരയൊഗക്കാരായി ൫൦ വീടോളം ഉണ്ടെന്നും അവരെ എല്ലാം കക്ഷിചെൎത്തു വ്യവഹാരം നടത്തുവാൻ അസാദ്ധ്യമെന്നും ദെവസ്വത്തിലെക്കു വെണ്ടി വാദി തനിച്ചു വ്യവഹാരം നടത്തുന്നതിൽ കരയൊഗക്കാരിൽ ആൎക്കെങ്കിലും വല്ല ആക്ഷെപവും ഉള്ളപക്ഷം അവർ വിചാരണദിവസം ബൊധിപ്പിക്കുന്നതിനു വിവരം ഗസെററിൽ പ്രസിദ്ധപ്പെടുത്തണമെന്നും വാദി ഹൎജി ബൊധിപ്പിച്ചിരിക്കുന്നു.

അതിനാൽ ടി പുരപ്പിള്ളിക്കാവു ക്ഷെത്രത്തിലെ കരയൊഗക്കാരിൽ ആൎക്കെങ്കിലും വാദി തനിച്ചു ഈ കെസ്സ നടത്തുന്നതിൽ വല്ല ആക്ഷെപവും ഉണ്ടെങ്കിൽ ആ സംഗതി അവരൊ അവൎക്കുവെണ്ടി വക്കീലൊ ഈ കെസ്സ വിചാരണയ്ക്കു വച്ചിരിക്കുന്ന ഈ വരുന്ന വൃശ്ചികമാസം ൧൰ നു പകൽ ൧൧ മണിക്കു ഈ കൊട്ടിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളെണ്ടതാകുന്നു.

അല്ലെങ്കിൽ വാദിയെ തനിച്ചു വച്ചു കെസ്സ നടത്തി തീൎപ്പു ചെയ്യുന്നതാണെന്നു തെളിപ്പെടുത്തിയിരിക്കുന്നു.

൧൦൮൩ാമാണ്ടു ചിങ്ങമാസം ൩൧ നു

ഉത്തരവുപ്രകാരം ഹെഡ്ഗുമസ്താ,
പത്മനാഭപിള്ള.

പട്ടിക.

[illegible]

[illegible]

[illegible]

൧. [illegible]

൨. [illegible]

[illegible]

൧. [illegible]

കൊല്ലം [illegible] തെരഞ്ഞെടുക്കുന്നു.

[illegible] പിള്ളയും [illegible] ഉണ്ടായിരുന്നാൽ [illegible] ബോധിപ്പിച്ചു കൊ[illegible]

[illegible]

ഉത്തരവുപ്രകാരം ഹെഡ് ഗുമസ്താ,

കെ. വി. ഗബ്രിയേൽ.

Travancore Government Gazette Supplement.

Tuesday 15th October 1907.



നിയമനിർമ്മാണ സഭയിലെ നടപടി.

നിയമനിർമ്മാണ സഭയുടെ യോഗം ൧൯൦൭ ഒക്ടോബർ ൫ / ൧൦൮൩ കന്നി ൧൯ -നു ശനിയാഴ്ച ഉച്ചതിരിഞ്ഞു ൩ മണിക്ക പുത്തൻകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ കൂടി.

ഹാജർ.

വി. നാഗംഅയ്യാ എസ്ക്വയർ ബി. എ., എഫ്. ആർ. എച്ച്. എസ്.,
സീനിയർ ദിവാൻപേഷ്കാർ ഇൻചാർജ്
പ്രസിഡണ്ടായിരുന്നു.

എ. ഗോവിന്ദപ്പിള്ള എസ്ക്വയർ ബി. എ. ബി. എൽ.

എ. ജെ. വീയറാ എസ്ക്വയർ ബി. എ.

ആർ. അനന്തരായർ എസ്ക്വയർ ബി. എ. ബി. എൽ.

ഇ. ജെ. ജാൺ എസ്ക്വയർ ബി. എ. ബി. എൽ.

എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ.

ആർ. കൃഷ്ണപിള്ള എസ്ക്വയർ ബി. എ. ബി. എൽ. ആക്ടിങ്ങ് സെക്രട്ടരി.

സെക്രട്ടരി—൧൦൭൪-മാണ്ടത്തെ ൨-ം റെഗുലേഷനാലും ൩-ം റെഗുലേഷനാലും ഭേദപ്പെടുത്തപ്പെട്ട ക്രിമിനൽ നടപടി നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ബില്ലിനെ ൧൦൮൨-ാം വർഷം ആഗസ്റ്റ് മാസം ൧൬-നു കല്പിച്ചു അനുവദിക്കയും, അനുവദിക്കപ്പെട്ട ഉടൻതന്നെ അതു ൧൦൮൨-മാണ്ടത്തെ ൪-ം റെഗുലേഷൻ ആയി നടപ്പിൽ വരികയും ചെയ്തിരിക്കുന്നു.

താഴെ പറയുന്ന ഹർജികൾ സമർപ്പിച്ചതായി സഭയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടു.

നമ്പർ	ഹർജി അയച്ച ആൾ	വിഷയം
൧	അമ്പലപ്പുഴ താലൂക്കു [illegible] പ്രവൃത്തിയിലേയും തലവടി പ്രവൃത്തിയിലേയും നിവാസികൾ ആയ കെ. ഗോവിന്ദപ്പിള്ള മുതൽപേർ.	തോടുകളേയും കടവുകളേയും സംബന്ധിച്ചുള്ള ബിൽ.
൨	നിരണത്തു കേരള ക്ഷേമതൽപര സമാജം സെക്രട്ടറി കെ. എം. ഫിലിപ്പോസ്.	ടി

തോടുകളേയും കടവുകളേയും സംബന്ധിച്ചുള്ള ബിൽ.

മിസ്റ്റർ അനന്തരായർ:— തോടുകളേയും കടവുകളേയും സംബന്ധിച്ചുള്ള ബില്ലിന്മേൽ പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ടിനെ ഹാജരാക്കുന്നു. റിപ്പോർട്ടിനേയും ഭേദപ്പെടുത്തപ്പെട്ട ബില്ലിനേയും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും, അവയെ സഭയുടെ അടുത്ത യോഗത്തിൽ പര്യാലോചിക്കയും ചെയ്യണം എന്നു അഭിപ്രായപ്പെടുന്നു.

അനുകൂലപ്രതികൂല ഭാഗങ്ങൾ നോക്കി അനുമതിക്കപ്പെട്ടു.

ആയുധ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ വീയാ:— പര്യാലോചനക്കു വന്നിരിക്കുന്ന മറെറാരു വിഷയം, ആയുധ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ ആകുന്നു. ൧൦൯൯-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ ആയുധ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനു ഒരു ബില്ല പ്രയോഗിക്കാൻ തനിക്കു വേണ്ടി അനുവാദത്തിനു അപേക്ഷിക്കുന്നതിനുവേണ്ടി ഇന്നു അപരിഹാര്യ സംഗതിയാൽ സഭയിൽ ഹാജരില്ലാത്തതിനാൽ മിസ്റ്റർ കേശവപിള്ള എന്നോടു അപേക്ഷിച്ചിരിക്കുന്നു. ഈ ബിൽ പ്രയോഗിക്കുന്നതിലേക്കു അനുവാദത്തിനായി മിസ്റ്റർ കേശവപിള്ള [illegible] ഡിസംബർ ൩-നു കൂടിയ യോഗത്തിൽ അപേക്ഷിച്ചപ്പോൾ, ഭേദഗതികൾക്കുള്ള കാരണങ്ങളേയും വിവരിച്ചിരുന്നു. എന്നാൽ അന്നു കൊടുത്ത അനുവാദം ചട്ടങ്ങളാൽ റദ്ദായിരിക്കുന്നു; അതുകൊണ്ടു, വരുന്ന യോഗത്തിൽ ഈ ബില്ലിനെ പ്രയോഗിക്കുന്നതിലേക്കു അനുമതി ലഭിക്കുന്നതിനായി പ്രെസിഡെണ്ടിന്റെ അനുവാദത്തോടുകൂടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അപ്രകാരം അനുമതി കൊടുക്കപ്പെട്ടു.

വാടകക്കുള്ള സവാരി വണ്ടികളെ സംബന്ധിക്കുന്ന ബിൽ.

മിസ്റ്റർ അനന്തരായർ:— വരുന്ന സഭായോഗത്തിൽ വാടകക്കുള്ള സവാരി വണ്ടികളെ സംബന്ധിക്കുന്ന ഒരു ബില്ല പ്രയോഗിക്കുന്നതിലേക്കു അനുമതിക്കായി, പ്രെസിഡെണ്ടിന്റെ അനുവാദത്തോടുകൂടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അപ്രകാരം അനുമതി കൊടുക്കപ്പെട്ടു.

സഭായോഗം ഉച്ചതിരിഞ്ഞു ൩ അടിച്ചു ൯ മിനിട്ടായപ്പോൾ പിരിഞ്ഞു.

വി. നാഗമയ്യാ,
പ്രെസിഡെണ്ടു.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, October 15, 1907 / Kanni 29, 1083.

EDUCATIONAL DEPARTMENT.

NOTICE.

As it is considered desirable that professional supervision should be exercised in the case of grant-in-aid school buildings in course of construction, it is hereby notified that in future all buildings, to which building-grant is sanctioned under section IV of the Grant-in-aid Notification, 1070, will be inspected by competent P. W. Officers, while the buildings are being constructed, and not, as hitherto, after their completion.

Huzur Cutcherry,
Trivandrum,
30th September 1907.

(By Order)
K. V. RANGASWAMI AIYANGAR,
Ag. Educational Secretary.

NOTICE.

With reference to Section VIII, para I, of the Grantin-Aid Code, 1070, all applications for general maintenance grants to Primary (including backward class schools) Secondary and Technical schools should, in order that the grants may have effect during 1908, be submitted to Government not later than 26th October 1907 / 10th Thulam 1083.

Applications for grants to Day and Night Schools need be submitted only after a notification inviting the same appears in the Government Gazette.

Huzur Cutcherry,
Trivandrum,
30th September 1907.

K. V. RANGASWAMI AIYANGAR,
Acting Educational Secretary.

നൊട്ടീസ്.

സഹായധനചട്ടങ്ങളിൽ ൮-ാം വകുപ്പിലെ ൧-ാം പിരിവിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ൧൯൦൮-ാം വർഷത്തിൽ പ്രൈമറി സ്കൂൾ (ബാക്ക്‌വേർഡ് ക്ലാസ് പ്രൈമറി സ്കൂളും ഉൾപ്പെടെ) സെക്കണ്ടറി സ്കൂൾ, ടെക്നിക്കൽ സ്കൂൾ ഇവകൾക്കുള്ള സാധാരണ രക്ഷാസഹായധനം കിട്ടേണ്ടതിനുള്ള എല്ലാ അപേക്ഷകളും ൧൯൦൭-ാം വർഷം അക്ടോബർ മാസം ൨൬-ാം ൧൦൮൩-ാമാണ്ട് തുലാമാസം ൧൦-നു യോ അതിനു മുമ്പോ ഗവൺമെന്റിൽ ബോധിപ്പിക്കേണ്ടതാകുന്നു.

രാത്രിയും പകലും നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾക്കു സഹായധനത്തിനുള്ള അപേക്ഷകൾ അവയെ സംബന്ധിച്ച് പ്രത്യേക പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനുമേൽ ബോധിപ്പിച്ചാൽ മതിയാകുന്നതാണ്.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൩ കന്നി ൧൪-നു

ആജ്ഞ: എഡ്യുക്കേഷനൽ സിക്രട്ടറി,
കെ. വി. രംഗസ്വാമിഅയ്യങ്കാർ.

NOTICE.

As some misapprehension seems to be entertained by candidates for the ensuing Vernacular Higher Examination with regard to the Geometry Syllabus for the same, it is hereby notified, in continuation of the Proceedings of Government No. E. 1211 dated 17th May 1907, (published on page 21 of the Educational Supplement dated 4th June '07) that the existing Geometry Syllabus for the examination will continue until a further notification on the subject appears in the Government Gazette.

Office of the Superintendent of Service Examinations, Trivandrum, 30th September 1907.

K. V. RANGASWAMI AIYANGAR,
Ag. Superintendent of Service Examinations

നോട്ടീസ്.

ഈ വരുന്ന നാട്ടുഭാഷാ മുഖ്യപരീക്ഷയുടെ ക്ഷേത്രഗണിത പാഠവിവരപ്പട്ടികയെ സംബന്ധിച്ച പരീക്ഷകന്മാർക്കു ചില സംശയങ്ങൾ ജനിച്ചിട്ടുള്ളതായി കാണുന്നതിനാൽ ൧൦൮൨-ാമത [illegible] സപ്ലിമെന്റു ൨൧-ാം വശത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗവർമ്മെന്റു പ്രൊസീഡിങ്സിനെ തുടർന്നു പരസ്യം ചെയ്യുന്നതെന്തെന്നാൽ ഈ വിഷയത്തെപ്പറ്റി ഇനി ഒരു പരസ്യം ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുവരെ ടി പരീക്ഷക്ക് ഇപ്പോഴത്തെ ക്ഷേത്രഗണിത പാഠവിവരപ്പട്ടിക തന്നെ നടപ്പിൽ ഇരിക്കുന്നതാകുന്നു.

സർവീസ് പരീക്ഷാ സൂപ്രണ്ടാഫീസ്, തിരുവനന്തപുരം, ൧൦൮൩ കന്നി [illegible]

ആക്ടിങ് സർവീസ് പരീക്ഷാ സൂപ്രണ്ടന്റ്,
കെ. വി. രംഗസ്വാമി അയ്യങ്കാർ.

Notice.

In modification of the Notification dated 9th September 1907 published in the Travancore Government Gazette of September 17, 1907, page 17 (Educational Sheets), it is hereby notified that the Written Tests for the Teachers' Normal Certificate Examinations will be held on Friday (1st November 1907 / 16th Thulam 1083) and the following day, instead of on Monday (4th November 1907 / 19th Thulam 1083) and the following day, as originally fixed. The Hall Tickets will be distributed to the candidates at 10 A. M. on Wednesday (30th October 1907 / 14th Thulam 1083).

Office of the Superintendent of Service Examinations, Trivandrum, 7th October 1907.

A. J. VIEYRA,
Superintendent of Service Examinations.

പരസ്യം

൧൯൦൭ സെപ്തംബർമാസം ൧൭-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയ ടി മാസം ൯-നു-ലെ പരസ്യത്തിനെ ഭേദപ്പെടുത്തി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മേൽപറഞ്ഞ പരസ്യത്തിലെ ൧൭-ാം പംക്തിയിൽ ൧൯൦൭ നവംബർ ൪-നു ൧൦൮൩ തുലാം ൧൯-നു തിങ്കളാഴ്ചയും അതിനടുത്ത ദിവസവും നടത്തപ്പെടുമെന്നു പറയപ്പെട്ടിട്ടുള്ള ഉപാദ്ധ്യായ ശിക്ഷാക്രമോപദേശ [illegible] പരീക്ഷയിലെ എഴുത്തുമൂലമായ ഭാഗം ടി ദിവസങ്ങൾക്കു പകരമായി ൧൯൦൭ നവംബർ ൧-നു ൧൦൮൩ തുലാം ൧൬-നു വെള്ളിയാഴ്ചയും അതിനടുത്ത ദിവസവും നടത്തപ്പെടുന്നതാകുന്നു. പരീക്ഷാശാലയിൽ പ്രവേശിക്കുന്നതിനുള്ള പ്രവേശനശീട്ടുകൾ ൧൯൦൭ ഒക്ടോബർ ൩൦-നു ൧൦൮൩ തുലാം ൧൪-നു ബുധനാഴ്ച രാവിലെ ൧൦ മണിക്ക് അപേക്ഷകന്മാർക്ക് അതാതു പരീക്ഷാ സ്ഥലങ്ങളിൽ വെച്ചു കൊടുക്കപ്പെടുന്നതാകുന്നു.

സർവീസ് പരീക്ഷാ സൂപ്രണ്ടാഫീസ്, തിരുവനന്തപുരം, ൧൯൦൭ ഒക്ടോബർ ൭-നു, ൧൦൮൩ കന്നി [illegible]

സർവീസ് പരീക്ഷാ സൂപ്രണ്ട്,
എ. ജെ. വിയേറാ.

നോട്ടീസ്

[illegible]

[illegible]

[illegible]



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, October 15, 1907. / Kanni 29, 1083.

FOREST DEPARTMENT.

Leave of Absence.

Mr. A. P. Smith, Deputy Conservator of Forests, Northern Division, privilege leave for two months and eight days from 17th October 1907.

അവധികൊടുത്ത വിവരം.

വടക്കൻ ഡിവിഷൻ ഡിപ്പുടി കൺസർവെറററ് മിസ്റ്റർ എ. പി. സ്മിത്തിനു ൧൯൦൭ അക്ടോബർ ൧൭-നു- മുതൽ രണ്ടു മാസത്തേയ്ക്കും എട്ടു ദിവസത്തേയും പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

NOTICE.

The undermentioned articles will be sold by public auction at the Office of the Divisional Forest Officer, Malayattur, on Saturday the 15th Thulam 1083 / 31st October 1907 at 1 P. M.

Serial No.	Description of articles.	No.	Book value Rs.	ch.	c	Remarks.
1	Old Cheeni boat	1	25	...	...	
2	do. Boat Chain	1	4	3	8	
3	do. Boat lock	1	1	9	...	
4	do. Elephant chain	4	81	16	...	
5	do. Leg chain	4	16	20	...	
6	do. Armed chairs	4	12	...	...	
7	do. Easy chair	1	5	5	...	
8	do. Timepiece	1	3	...	...	
9	do. Mammatties	24	11	19	...	

Maliatur, } 5-2-1083. }

A. P. SMITH,
Divisional Forest Officer.

പരസ്യം.

താഴെ വിവരിക്കുന്ന തൊണ്ടിസാമാനങ്ങളെ ൧൦൮൩ ആണ്ടു തുലാം ൩൧-ാം തീയതി ഉച്ചയ്ക്കു മണിക്കു മലയാറ്റൂർ ഡിവിഷനൽ ഫാറസ്റ്റാഫീസിൽ വച്ചു ലേലത്തിൽ വിൽക്കപ്പെടുന്നതാകുന്നു.

മലയാറ്റൂർ } ൮൩. ൨. ൨൯.

ഏ. പി. സ്മിത്ത്,
ഡിവിഷനൽ ഫാറസ്റ്റാഫീസർ.

സാമാനവിവരം.

൧. പഴയ ചീനിവട്ടം ഒന്നുക്കു വില രൂപാ ൨൫
൨. ടി വട്ടത്തൂടൽ ഒന്നുക്കു ടി ടി ൪ ചക്രം ൩ കാശു ൮
൩. ടി വട്ടത്തിന്റെ പട്ട ഒന്നുക്കു വില രൂപാ ൧ ചക്രം ൯
൪. ടി ആനച്ചങ്ങല നാലുക്കു വില രൂപാ ൮൧ ചക്രം ൧൫
൫. ടി ഇടച്ചങ്ങല നാലുക്കു വില രൂപാ ൧൫ ചക്രം ൨൦
൬. ടി കയ്യുള്ള കമ്പിവട നാലുക്കു വില രൂപാ ൧൨
൭. ടി ചായകമ്പിവട ഒന്നുക്കു വില രൂപാ ൬ ചക്രം ൬
൮. ടി നാഴികമണി ഒന്നുക്കു വില രൂപാ ൩
൯. ടി മമ്മട്ടികൾ ഇരുപത്തിനാലുക്കു വില രൂപാ ൧൧ ചക്രം ൧൯

NOTICE

Under sections 15 and 16 of the Forest Rules.

No. & date.	Number and description of article.	Measurement.	Marks and stamps.	Age.	Where, when and by whom found or seized.	Where secured.	Officer before whom claim is to be made.	Remarks.
635 / 30-12-82	Blackwood materials 9.	6¼ × 4½ × 4½. 6¾ × 4½ × 4½. 6¾ × 4¼ × 4½. 6¾ × 4½ × 4½. 3¼ × 3½ × 3½. 3¼ × 3½ × 3¼. 3¼ × 3½ × 3½. 3¼ × 3½ × 3½. 2¼ × 5¼ × 5.	...	2 months.	Found out by Vengoor Guard Govinda Pillay and others on 19th Ani 1082 on the southern side of Anakunnu malai Parakodu-Ummannoor.	Under the custody of Sankaran Narayanan of Palayarthu Puthen veedu.	Before the Range Officer, Quilon.	Claims, if any, should be preferred within 30 days from the date of publication of this notice in the Government Gazette, failing which the materials &c. will be confiscated to Government and sold in auction.
	Do. log 1.	2¼ × 7¼.						

Quilon,
10-2-83.

T. RAJARAM ROW,
Divisional Forest Officer.

NOTICE.

Tenders are hereby invited for the collection of the junglewood timber from the coupes opened for exploitation during the year 1083 in the three working circles of the Central Division of the Travancore Forest Department and its delivery at the Depots noted against each of the respective coupes.

2. Tenders should be superscribed, "Tender for the collection of junglewood timber from coupe No. II of.......................Working Circle and its delivery at.......................Depot" and addressed to the Central Division Forest Officer, Koni, by registered Unjell or Post so as to reach that Officer on or before the $\frac{\text{25th Thulam 1083}}{\text{10th November 1907}}$ after which date no tender will be accepted.

3. All tenders should be accompanied by an earnest money of Bh. Rs. 20 without which no tender will be accepted.

4. Tenders will be opened at the Divisional Forest Office, Koni, by the undersigned at 1 P. M. on the $\frac{\text{26th Thulam 1083}}{\text{11th November 1907}}$ in the presence of such of the tenderers as may wish to be present. The earnest money of the unsuccessful tenderers will be returned on the spot and those of the successful tenderers kept as part payment of the deposit required by para 8.

5. The boundaries of the coupes from which the trees are to be cut, the name of the Depot the trees so cut are to be removed to and the species of timber proposed to be cut and removed from each coupe, are given in the Schedule annexed below.

6. Tenders should clearly specify the quantity of timber of each species which the tenderer offers to collect and deliver at the different Depots and the rates of kolevila demanded for cubic foot for each.

7. The tenders should be for chuckrams only for cubic foot. No fraction of a chuckram should be given.

8. The successful tenderers will have to execute an agreement within 15 days from the date the acceptance of the tenders by the Conservator of Forests is conveyed to them and to furnish security at half-a-chuckram per cubic foot of the quantity which the tenderer offers to cut and deliver.

